20
മേയ് 2015
ബുധൻ
1190 ഇടവം 6

# മലയാള മനോരമ

ESTABLISHED 1888

തിരുവനന്തപുരം
24 പേജ്
₹ 6.00

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com





നെട്ടുകാൽത്തേരി തുറന്ന ജയിലിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കുന്നു. ജയിൽ മേധാവി ടി.പി. സെൻകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അൻസജിത റസ്സൽ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ.പി. ചൗഡപ്പ തുടങ്ങിയവർ സമീപം.

# തുറന്ന ജയിലിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തു

കാട്ടാക്കട● ജയിൽ ജീവനക്കാരുടെ വേതനം വർധിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിഗണിക്കുകയാണെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

നെട്ടുകാൽതേരി തുറന്ന ജയിലിൽ നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പൊലീസ് സേനയിലെന്നപോലെ ജയിൽ, അഗ്നിശമനസേന അംഗങ്ങൾക്കും യൂണിഫോം അലവൻസ് നൽകും. വേതന വർധനയും, യൂണിഫോം അലവൻസ് എന്നിവ സംബന്ധിച്ച് ജയിൽ മേധാവി സമർപ്പിച്ച ശുപാർശ സർക്കാർ ഗൗരവത്തോടെയാണ് പരിഗണിക്കുന്നത്.

തുറന്ന ജയിലിൽ നടപ്പാക്കുന്ന ഓർഗാനിക് പച്ചകറി ഹൈടെക് ഫാം, വിത്തു തേങ്ങ ഉൽപാദന തോട്ടം, അന്തേവാസികൾക്കുള്ള ഡൈനിങ് ഹാൾ ഉദ്ഘാടനം, അന്തേവാസികൾക്കുള്ള ഡ്രൈവിങ് ലൈസൻസ് വിതരണം, തെങ്ങ്കയറ്റ സർട്ടിഫിക്കറ്റ് വിതരണം, പ്രധാന മന്ത്രിയുടെ സുരക്ഷപദ്ധതികളുടെ ഉദ്ഘാടനം എന്നിവ മന്ത്രി നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അൻസജിത റസ്സൽ അധ്യക്ഷയായിരുന്നു. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. പി. ചൗഡപ്പ, പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, പഞ്ചായത്ത് പ്രസിഡന്റ് ബി. വിനോദ് കുമാർ, ജയിൽ ഹെഡ്ക്വാർട്ടേഴ്സ് ഡിഐജി എച്ച്. ഗോപകുമാർ, ദക്ഷിണമേഖലാ ഡിഐജി ബി. പ്രദീപ്, തുറന്ന ജയിൽ സൂപ്രണ്ട് എ.ജി. സുരേഷ്, പഞ്ചായത്ത് അംഗം ചിത്രഉദയൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം കള്ളിക്കാട് ഭുവനചന്ദ്രൻ, ജയിൽ ഉപദേശക സമിതി അംഗം വിജയചന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.